# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കുടയത്തൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584

ഇ-മെയിൽ: doidk.ksad@kerala.gov.in

ഫോൺ : 04862-227332

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA (IDK)10 /1053/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584
തീയ്യതി: 30/07/2022
ഇ-മെയിൽ: doidk.ksad@kerala.gov.in
ഫോൺ: 04862-227332

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കുടയത്തൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കുടയത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുടയത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA (IDK)10 /1053/2022 തീയ്യതി: 30/07/2022

## ഇടുക്കി ജില്ലയിലെ കുടയത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ കുടയത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 18-06-2021 മുതൽ 15-07-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 13 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. അനിൽ മാത്യു ഐപ്പ് | ഡെപ്യൂട്ടി ഡയറക്ടർ | 15-07-2022 | 20-07-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 15-07-2022 | 20-07-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ ടി എസ് ധനജയൻ ഓഡിറ്റ് ഓഫീസർ
ശ്രീ വി ജി സജിമോൻ ഓഡിറ്റ് ഓഫീസർ
ശ്രീ ജോസഫ് ചാക്കോ അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി അനിറ്റ പി സാമുവൽ അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. ബെന്നി മാത്യു, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി. മായ കൃഷ്ണൻ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി പുഷ്പ വിജയൻ | പ്രസിഡന്റ് | 01-04-2020 | 03-11-2020 |
| ഭരണനിർവഹണ സമിതി | പ്രസിഡന്റ് | 04-11-2020 | 28-12-2020 |
| ശ്രീമതി ഉഷ വിജയൻ | പ്രസിഡന്റ് | 29-12-2020 | 31-03-2021 |
| ശ്രീമതി എസ് ശ്രീകല | സെക്രട്ടറി | 01-04-2020 | 12-04-2020 |
| ശ്രീമതി ജയ.കെ.ബി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 13-04-2020 | 28-05-2020 |
| ശ്രീ.ആർ .എസ് ഷാജി | സെക്രട്ടറി | 29-05-2020 | 10-06-2020 |
| ശ്രീമതി സുശീല കെ.എൻ | സെക്രട്ടറി | 10-06-2020 | 31-03-2021 |

<u>നിർവ്വഹണഉദ്യോഗസ്ഥർ</u>

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.ശ്രീകുമാർ .ജി | അസി.എൻജിനിയർ | 01-03-2020 | 31-03-2021 |
| ശ്രീമതി ആഷ്‌ലി മറിയാമ്മ ജോർജ്ജ് | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ.ആൽബർട്ട് ജെ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 01-04-2020 | 31-03-2021 |
| ഡോ. ജിൽസൺ വി. ജോർജ് | മെഡിക്കൽ ഓഫീസർ (ISM) | 01-04-2020 | 31-03-2021 |
| ഡോ.കെ.കെ ദീപ | വെറ്ററിനറി സർജൻ | 01-04-2020 | 17-09-2020 |
| ഡോ.അനീറ്റ ജോർജ് | വെറ്ററിനറി സർജൻ | 17-09-2020 | 31-12-2020 |
| ഡോ.ജെറീഷ് .എം | വെറ്ററിനറി സർജൻ | 01-01-2021 | 19-02-2021 |
| ഡോ.മുരളീകൃഷ്ണ പി | വെറ്ററിനറി സർജൻ | 20-02-2021 | 31-03-2021 |
| ശ്രീമതി കലാദേവി കെ | ഹെഡ്മിസ്ട്രസ് ജി.എൽ.പി.എസ് | 01-04-2020 | 31-03-2021 |
| ശ്രീമതി അംബിക ജി | വി ഇ ഒ | 01-04-2020 | 31-03-2021 |
| ശ്രീമതി അലീന ജോർജ് | ICDS സൂപ്പർവൈസർ | 01-04-2020 | 17-11-2020 |
| ശ്രീമതി ലാലി മാത്യു | ICDS സൂപ്പർവൈസർ | 17-11-2020 | 31-03-2021 |
| ശ്രീ സുധീഷ് എം.പി | ക്ഷീരവികസന ഓഫീസർ | 01-04-2020 | 31-03-2021 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: V G Sajimon (Audit Officer, On 18-07-2022)<br>Last Updated By: Sajitha K. (Computer Assistant, On 29-07-2022) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: Joseph Chacko (Asst. Audit Officer, On 15-07-2022)<br>Last Updated By: Sajitha K. (Computer Assistant, On 29-07-2022) | 1-2 |
| 3 | ഫണ്ട് വിനിയോഗം<br>Written By: Joseph Chacko (Asst. Audit Officer, On 15-07-2022)<br>Last Updated By: Sajitha K. (Computer Assistant, On 29-07-2022) | 1-3 |
| 4 | സ്രോതസ്സിൽ നിന്നും കുറവ് വരുത്തുന്ന തുകകൾ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്താത്തത്<br>Written By: Joseph Chacko (Asst. Audit Officer, On 21-07-2022)<br>Last Updated By: Sajitha K. (Computer Assistant, On 29-07-2022) | 1-3-1 |
| 5 | പദ്ധതി അവലോകനം<br>Written By: Benny Mathew (Auditor, On 15-07-2022)<br>Last Updated By: Sajitha K. (Computer Assistant, On 29-07-2022) | 1-4 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: T.S.Dhanajayan (Audit Officer, On 19-07-2022)<br>Last Updated By: Sajitha K. (Computer Assistant, On 29-07-2022) | 1-5 |
| 7 | ക്ഷേമ പദ്ധതികൾ<br>Written By: Benny Mathew (Auditor, On 15-07-2022)<br>Last Updated By: Sajitha K. (Computer Assistant, On 29-07-2022) | 1-6 |
| 8 | ക്യാഷ് പരിശോധന<br>Written By: T.S.Dhanajayan (Audit Officer, On 19-07-2022)<br>Last Updated By: Sajitha K. (Computer Assistant, On 29-07-2022) | 1-7 |
| 9 | ആഭ്യന്തരനിയന്ത്രണം<br>Written By: T.S.Dhanajayan (Audit Officer, On 19-07-2022)<br>Last Updated By: Sajitha K. (Computer Assistant, On 29-07-2022) | 1-8 |
| 10 | വാർഷിക കണക്കിലെ അപാകതകൾ<br>Written By: Joseph Chacko (Asst. Audit Officer, On 19-07-2022)<br>Last Updated By: Sajitha K. (Computer Assistant, On 29-07-2022) | 1-9 |
| 11 | ILGMS സോഫ്റ്റ് വെയറിലൂടെയുള്ള ഭരണനിർവഹണത്തിലെ അപാകതകൾ<br>Written By: Maya Krishnan (Auditor, On 20-07-2022)<br>Last Updated By: Sajitha K. (Computer Assistant, On 29-07-2022) | 1-10 |
| 12 | വാടക ഈടാക്കുന്നതിലെ അപാകതകൾ<br>Written By: Maya Krishnan (Auditor, On 20-07-2022)<br>Last Updated By: Sajitha K. (Computer Assistant, On 29-07-2022) | 1-11 |
| 13 | റിസോർട്ടുകൾ, ലോഡ്ജുകൾ, ഓഡിറ്റോറിയം എന്നിവ ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്നു<br>Written By: Maya Krishnan (Auditor, On 20-07-2022)<br>Last Updated By: Sajitha K. (Computer Assistant, On 30-07-2022) | 1-12 |
| 14 | കോവിഡ് പ്രതിരോധവുമായി ബന്ധപ്പെട്ട ചെലവുകൾ<br>Written By: Anitta P Samuel (Asst. Audit Officer, On 20-07-2022)<br>Last Updated By: Sajitha K. (Computer Assistant, On 30-07-2022) | 1-13 |
| 15 | ഇലക്ഷൻ നിക്ഷേപം കണ്ടുകെട്ടിയില്ല<br>Written By: Anitta P Samuel (Asst. Audit Officer, On 20-07-2022)<br>Last Updated By: Sajitha K. (Computer Assistant, On 30-07-2022) | 1-14 |
| 16 | ഈ-ടെൻഡർ ഫോം വില ഗ്രാമപഞ്ചായത്തിന് കൈമാറി ലഭിച്ചിട്ടില്ല<br>Written By: V G Sajimon (Audit Officer, On 18-07-2022)<br>Last Updated By: Sajitha K. (Computer Assistant, On 29-07-2022) | 1-15 |

| | | |
|---|---|---|
| 17 | ബോർവെൽ നിർമ്മാണം. - നിക്ഷേപപ്രവൃത്തി-പദ്ധതി പൂർത്തീകരിച്ചില്ല.<br>Written By: T.S.Dhanajayan (Audit Officer, On 19-07-2022)<br>Last Updated By: Sajitha K. (Computer Assistant, On 29-07-2022) | 1-16 |
| 18 | സാങ്കേതികമായി എല്ലാ സൈറ്റുകളിലും ആവശ്യമില്ലാത്ത ഇനം ഉൾപ്പെടുത്തി എസ്റ്റിമേറ്റുകൾ തയ്യാറാക്കി<br>Written By: V G Sajimon (Audit Officer, On 20-07-2022)<br>Last Updated By: Sajitha K. (Computer Assistant, On 29-07-2022) | 1-17 |
| 19 | മരുന്നുവാങ്ങൽ - ക്വട്ടേഷൻ വിവരങ്ങൾ പൂർണ്ണമായി ലഭ്യമാക്കിയില്ല<br>Written By: Joseph Chacko (Asst. Audit Officer, On 20-07-2022)<br>Last Updated By: Sajitha K. (Computer Assistant, On 29-07-2022) | 1-18 |
| 20 | ലൈഫ് ഭവന പദ്ധതി - അവലോകനം<br>Written By: Joseph Chacko (Asst. Audit Officer, On 20-07-2022)<br>Last Updated By: Sajitha K. (Computer Assistant, On 29-07-2022) | 1-19 |
| 21 | ക്ഷീരസംഘത്തിൽ പാലളക്കൽ - ക്ഷീരകർഷകർക്ക് പാലിന് ധനസഹായം-ഫയലുകൾ പരിശോധനയ്ക്ക് സാധ്യമാകുന്ന രീതിയിൽ ക്രമീകരിച്ചിട്ടില്ല<br>Written By: Benny Mathew (Auditor, On 21-07-2022)<br>Last Updated By: Sajitha K. (Computer Assistant, On 29-07-2022) | 1-20 |
| 22 | പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ ചെലവഴിക്കാതെ അവശേഷിക്കുന്നു<br>Written By: Joseph Chacko (Asst. Audit Officer, On 20-07-2022)<br>Last Updated By: Sajitha K. (Computer Assistant, On 29-07-2022) | 1-21 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Joseph Chacko (Asst. Audit Officer, On 15-07-2022)<br>Last Updated By: Sajitha K. (Computer Assistant, On 29-07-2022) | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Joseph Chacko (Asst. Audit Officer, On 15-07-2022)<br>Last Updated By: Sajitha K. (Computer Assistant, On 29-07-2022) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Joseph Chacko (Asst. Audit Officer, On 15-07-2022)<br>Last Updated By: Sajitha K. (Computer Assistant, On 29-07-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്<br>Written By: Joseph Chacko (Asst. Audit Officer, On 15-07-2022)<br>Last Updated By: Sajitha K. (Computer Assistant, On 29-07-2022) | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Joseph Chacko (Asst. Audit Officer, On 15-07-2022)<br>Last Updated By: Sajitha K. (Computer Assistant, On 30-07-2022) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Joseph Chacko (Asst. Audit Officer, On 15-07-2022)<br>Last Updated By: Sajitha K. (Computer Assistant, On 29-07-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Joseph Chacko (Asst. Audit Officer, On 15-07-2022)<br>Last Updated By: Sajitha K. (Computer Assistant, On 29-07-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Joseph Chacko (Asst. Audit Officer, On 15-07-2022)<br>Last Updated By: Sajitha K. (Computer Assistant, On 29-07-2022) | 4-8 |
| 9 | ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: Joseph Chacko (Asst. Audit Officer, On 15-07-2022) | 4-9 |

| | | |
|---|---|---|
| | Last Updated By: Sajitha K. (Computer Assistant, On 29-07-2022) | |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Joseph Chacko (Asst. Audit Officer, On 15-07-2022)<br>Last Updated By: Sajitha K. (Computer Assistant, On 30-07-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Joseph Chacko (Asst. Audit Officer, On 15-07-2022)<br>Last Updated By: Sajitha K. (Computer Assistant, On 30-07-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

ഗ്രാമപഞ്ചായത്തിന്റെ 2020-21 വർഷത്തെ ബജറ്റ് 23.03.2020-ലെ I(1) നമ്പർ തീരുമാനപ്രകാരവും പുതുക്കിയ ബജറ്റ് 08.02.2021-ലെ 7(1) നമ്പർ തീരുമാനപ്രകാരവും ഭരണസമിതി അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് പ്രകാരം | പുതുക്കിയ ബജറ്റ് പ്രകാരം |
|---|---|---|
| മുന്നിരിപ്പ് ₹ | 602351 | 602351 |
| വരവ് ₹ | 11,01,64,000 | 11,64,31,000 |
| ആകെ ₹ | 11,07,66,351 | 11,70,33,351 |
| ചെലവ് ₹ | 10,93,43,000 | 11,62,59,465 |
| നീക്കിയിരിപ്പ് ₹ | 14,23,351 | 7,73,886 |

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 214-ാം വകുപ്പ് അനുശാസിക്കും പ്രകാരമുള്ള സമയക്ലിപ്തതയും നടപടിക്രമങ്ങളും ബജറ്റ് തയ്യാറാക്കി അംഗീകരിക്കുന്നതിൽ പാലിച്ചിട്ടില്ല. മാർച്ച് 31 എന്ന സാങ്കേതിക തീയതിയുടെ പരിമിതി മറികടക്കുന്നതിന് സാധിച്ചിട്ടുണ്ടെങ്കിലും അതിനു മുൻപുള്ള ഒരുക്കങ്ങൾ പൂർണമായിരുന്നില്ല. നവംബർ മാസമുള്ള വിവരശേഖരണം, ജനവരി ആദ്യ വാരമുള്ള ബജറ്റ് അവതരണം എന്നിവ കലണ്ടർ പ്രകാരം നടന്നിട്ടില്ല.

തയ്യാറാക്കിയ ബജറ്റും ധനകാര്യപത്രികയും തമ്മിൽ വലിയ അന്തരം നിലനിൽക്കുന്നു. വളരെ ശുഷ്കമായ വരുമാന സ്രോതസുകളും വർദ്ധിച്ചുവരുന്ന റവന്യൂ ചെലവുകളും ഗ്രാമപഞ്ചായത്തിന്റെ പ്രവർത്തനങ്ങളെ സാരമായി ബാധിച്ചിട്ടുണ്ട്. സർക്കാർ ഗ്രാന്റുകളുടെ സഹായമില്ലാതെ മുന്നോട്ടുപോകാൻ കഴിയാത്ത കടുത്ത സാമ്പത്തിക പ്രതിസന്ധിയിലൂടെയാണ് ഗ്രാമപഞ്ചായത്ത് കടന്നു പോകുന്നത്. എന്നാൽ കൃത്യമായ സാമ്പത്തിക അച്ചടക്കം പാലിക്കുന്നതിനും ഫലപ്രദവും കാര്യക്ഷമവുമായ ധനവിനിയോഗം സാധ്യമാക്കുന്നതിനും പര്യാപ്തമായ രീതിയിൽ ബജറ്റ് തയ്യാറാക്കൽ പ്രക്രിയ പുരോഗമിച്ചിട്ടില്ലെന്ന് അവയിലെ തുകകളും ധനകാര്യപത്രികയിലെ തുകകളും തമ്മിലുള്ള താരതമ്യ പഠനത്തിൽ നിന്ന് വ്യക്തമാകുന്നു. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് പ്രകാരം | പുതുക്കിയ ബജറ്റ് പ്രകാരം | ധനകാര്യപത്രിക പ്രകാരം |
|---|---|---|---|
| വസ്തു നികുതി ₹ | 25,00,000 | 25,00,000 | 16,84,466 |
| തൊഴിൽ നികുതി ₹ | 8,00,000 | 8,00,000 | 5,98,340 |
| വാടക ₹ | 3,60,000 | 3,60,000 | 1,68,732 |
| ഫീസുകൾ ₹ | 10,30,000 | 10,30,000 | 13,19,773 |
| ലേലം, വിൽപനകൾ ₹ | 11,75,000 | 11,75,000 | 1,28,770 |
| എസ്റ്റാ. ചെലവുകൾ ₹ | 1,15,05,000 | 1,19,11,000 | 87,23,579 |
| ഭരണച്ചെലവുകൾ ₹ | 9,65,000 | 11,15,000 | 5,18,622 |
| സംരക്ഷണ – നടത്തിപ്പ് ചെലവുകൾ ₹ | 1,95,000 | 2,30,000 | 48,73,543 |

തുടർന്നു വരുന്ന വർഷത്തെ വരുമാന വർദ്ധനവ്, ചെലവുകളിലെ സാമ്പത്തിക അച്ചടക്കം, കാര്യക്ഷമത എന്നിവ ഉറപ്പു വരുത്തുന്നതിന് ആധാരശിലയാകേണ്ട ബജറ്റ് കേവലം സാങ്കല്പിക സംഖ്യകളുടെ ചിത്രീകരണം മാത്രമായി പരിമിതപ്പെടുന്നത് ശരിയായ പ്രവണതയല്ല. ഉചിത പരിഹാര

നടപടികൾക്കായി വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, ഭരണസമിതി എന്നിവരുടെ സജീവ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2021 | 27.04.2021 | - | - |

## 1-3 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 93,24,000 | 93,24,000 | 93,22,921 | 1,079 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 21,71,066 | 21,71,066 | 17,78,349 | 3,92,717 |
| വികസന ഫണ്ട്-ടി.എസ്.പി | 0 | 31,36,874 | 31,36,874 | 31,36,874 | 0 |
| മെയിന്റനൻസ്, റോഡ് | 0 | 1,24,44,000 | 1,24,44,000 | 1,24,44,000 | 0 |
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 34,92,000 | 34,92,000 | 34,19,150 | 72,850 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 0 | 86,50,789 | 86,50,789 | 46,51,246 | 39,99,543 |
| സാക്ഷരത | 3,401 | 106 | 3,507 | 0 | 3,507 |
| ദുരിതാശ്വാസനിധി | 2,066 | 10,116 | 12,182 | 0 | 12,182 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | |
| ഐ.സി.ഡി.എസ്. | 5,21,729 | 4,89,695 | 10,11,424 | 8,00,000 | 2,11,424 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | | | | | |
| ശുചിത്വ മിഷൻ | 24,419 | 0 | 24,419 | 0 | 24,419 |
| വിമുക്തി | 160 | | 160 | 160 | 0 |
| വാട്ടർ ഷെഡ് | 3,928 | 109 | 4,037 | 0 | 4,037 |
| ഹരിയാലി | 20,524 | 4,601 | 25,125 | 0 | 25,125 |
| സമ്പൂർണ്ണ ശുചിത്വം | 3,88,173 | 1,30,000 | 5,18,173 | 0 | 5,18,173 |
| സമ്പൂർണ്ണ ശുചിത്വം | 10,371 | 0 | 10,371 | 0 | 10,371 |
| ഖരമാലിന്യ സംസ്കരണം | 15,05,840 | 671,467 | 21,77,307 | 2,56,304 | 19,21,003 |
| സംസ്ഥാന സർക്കാർ അവാർഡ് തുക | 15,20,849 | 0 | 15,20,849 | 0 | 15,20,849 |
| മറ്റ് സ്ഥാപനങ്ങളിൽ നിന്നുള്ള പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ് | 6,592 | 0 | 6,592 | 6,592 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 8,58,801 | 10,60,000 | 19,18,801 | 16,21,000 | 2,97,801 |
| ജില്ലാ പഞ്ചായത്ത് | 9,93,497 | 7,14,522 | 17,08,019 | 6,99,200 | 10,08,819 |

### 1-3-1 സ്രോതസ്സിൽ നിന്നും കുറവ് വരുത്തുന്ന തുകകൾ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്താത്തത്

സംസ്ഥാന സർക്കാർ ഗ്രാന്റായി അനുവദിച്ച ശേഷം വിവിധ പദ്ധതികൾക്കായി സ്രോതസ്സിൽ നിന്നുതന്നെ കുറവ് വരുത്തുന്ന തുകകൾ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ വരവായി എടുക്കുന്നില്ല. എന്നാൽ പ്രോജക്ട് തയ്യാറാക്കി ചെലവായി കാണിക്കുകയും ചെയ്യുന്നു. ആയതിനാൽ ലാപ്സായിപോകുന്ന തുകയിൽ വ്യത്യാസം വരുന്നു. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. വികസന ഫണ്ട് -പൊതുവിഭാഗം

₹93,24,000/- ഗ്രാന്റിനത്തിൽ ലഭിച്ചിട്ടുണ്ടെങ്കിലും സ്രോതസ്സിൽ നിന്നും കിഴിവ് വരുത്തിയ ₹2486835/- ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ വരവായി ഉൾപ്പെടുത്തിയിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ | ഉത്തരവ് നം. | അനുവദിച്ച | കുറവ് വരുത്തിയ | ഗ്രാന്റ് |
|---|---|---|---|---|

| നം. | & തീയതി | തുക ₹ | തുക ₹ & ഇനം | സ്റ്റേറ്റ്മെന്റിലെ തുക ₹ |
|---|---|---|---|---|
| 1 | സ.ഉ (സാധാ) 43/21/ധനം<br>തീ: 01.01.2021 | 24,41,300 | 2,48,200<br>(അംഗനവാടി ജീവനക്കാരുടെ വേതനം)<br>11,28,185<br>(ലൈഫ് വായ്പ തിരിച്ചടവ്) | 10,64,915 |
| 2 | സ.ഉ (സാധാ) 4461/20/ധനം<br>തീ: 03.08.2020 | 8,62,250 | 2,48,200<br>(അംഗനവാടി ജീവനക്കാരുടെ വേതനം)<br>614050<br>(ലൈഫ് വായ്പ തിരിച്ചടവ്) | 0 |
| 3 | സ.ഉ. (സാധാ) 2657/20/ധനം<br>തീ:01.04.2020 | 26,80,300 | ₹2,48,200<br>(അംഗനവാടി ജീവനക്കാരുടെ വേതനം) | 24,32,100 |

2. വികസന ഫണ്ട് – പട്ടിക ജാതി പൊതുവിഭാഗം

ഗ്രാന്റിനത്തിലുള്ള ആകെ വരവ് ₹21,71,066/- യാണെങ്കിലും സ്രോതസ്സിൽ നിന്നും കിഴിവ് വരുത്തിയ ₹1,46,432/- ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ വരവായെടുത്തിട്ടില്ല.

| ക്രമ നം. | ഉത്തരവ് നം. & തീയതി | അനുവദിച്ച തുക ₹ | കുറവ് വരുത്തിയ തുക ₹ & ഇനം | ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ തുക ₹ |
|---|---|---|---|---|
| 1 | സ.ഉ (സാധാ) 43/21/ധനം<br>തീ: 01.01.2021 | 6,26,700 | ₹ 73,216<br>(ലൈഫ് വായ്പ തിരിച്ചടവ്) | 5,53,484 |
| 2 | സ.ഉ (സാധാ) 4461/20/ധനം<br>തീ: 03.08.2020 | 3,13,250 | ₹73216<br>(ലൈഫ് വായ്പ തിരിച്ചടവ്) | 2,40,034 |

3. വികസന ഫണ്ട് – പട്ടികവർഗ്ഗ പൊതുവിഭാഗം

സ്രോതസ്സിൽ വിവിധ പദ്ധതികൾ പ്രകാരം കിഴിവ് വരുത്തിയ ₹2,49,294/- വരവിൽ ഉൾപ്പെടുത്തിയിട്ടില്ല.

| ക്രമ നം. | ഉത്തരവ് നം. & തീയതി | അനുവദിച്ച തുക ₹ | കുറവ് വരുത്തിയ തുക ₹ & ഇനം | ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ തുക ₹ |
|---|---|---|---|---|
| 1 | സ.ഉ (സാധാ) 43/21/ധനം<br>തീ: 01.01.2021 | 864700 | ₹124647<br>(ലൈഫ് വായ്പ തിരിച്ചടവ്) | 740053 |
| 2 | സ.ഉ (സാധാ) 4461/20/ധനം<br>തീ: 03.08.2020 | 432250 | ₹124647<br>(ലൈഫ് വായ്പ തിരിച്ചടവ്) | 307603 |

4. സംരക്ഷണ ഫണ്ട് – റോഡിതരം

| ക്രമ നം. | ഉത്തരവ് നം. & തീയതി | അനുവദിച്ച തുക ₹ | കുറവ് വരുത്തിയ തുക ₹ & ഇനം | ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ തുക ₹ |
|---|---|---|---|---|
| 1 | സ.ഉ (സാധാ) 4444/20/ധനം തീ: 03.08.2020 | 1164000 | ₹35319 (വോട്ടിംഗ് മെഷീൻ വാങ്ങുന്നതിന് കുറവ് ചെയ്ത തുക) | 1128681 |

5. സ്രോതസിൽ നിന്നും കുറവ് ചെയ്ത തുക ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ വരവായി എടുക്കാത്തതിനാൽ നീക്കിയിരിപ്പ് തുകയിൽ (ലാപ്സായ തുകയിൽ) വ്യത്യാസം വന്നിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം | യഥാർത്ഥം |
|---|---|---|
| വികസന ഫണ്ട് പൊതു വിഭാഗം | -2485756 | 1079 |
| വികസന ഫണ്ട് പട്ടിക ജാതി വിഭാഗം | 246285 | 392717 |
| വികസന ഫണ്ട് പട്ടിക വർഗ്ഗ വിഭാഗം | -249294 | 0 |
| സംരക്ഷണ ഗ്രാന്റ്-റോഡിതരം | 37531 | 72850 |

## 1-4 പദ്ധതി അവലോകനം

2020-21 സാമ്പത്തിക വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ ₹ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് ₹ | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 179 | 7,77,97,739 | 148 | 4,04,03,969 | 0 | 31 | 82.68 |

7.77 കോടി രൂപയുടെ 2020-21 വാർഷിക പദ്ധതിയിൽ കേവലം 4.04 കോടി രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ ആവിഷ്കരിച്ചതും നടപ്പാക്കിയതുമായ പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ആവിഷ്കരിച്ച പ്രോജക്ടുകൾ | നടപ്പാക്കിയ പ്രോജക്ടുകൾ | അടങ്കൽ (₹) | ചെലവ് (₹) | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 13 | 11 | 19,81,474 | 6,48,103 | 32.71 |
| വെറ്ററിനറി സർജൻ | 6 | 5 | 22,67,160 | 3,82,850 | 16.89 |
| മെഡിക്കൽ ഓഫീസർ-പി.എച്ച്.സി | 6 | 6 | 11,37,836 | 10,67,343 | 93.8 |
| മെഡിക്കൽ ഓഫീസർ-ആയുർവ്വേദം | 2 | 2 | 8,00,000 | 8,00,000 | 100 |
| വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | 27 | 21 | 2,98,11,900 | 71,32,343 | 23.92 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 10 | 9 | 33,58,534 | 29,71,934 | 88.49 |
| സെക്രട്ടറി | 34 | 32 | 72,29,996 | 69,64,125 | 96.32 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 74 | 58 | 2,69,45,839 | 1,94,93,271 | 72.34 |
| ഹെഡ്മാസ്റ്റർ | 3 | 2 | 4,00,000 | 2,44,000 | 61 |

| | | | | | |
|---|---|---|---|---|---|
| ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 2 | 2 | 19,00,000 | 7,00,000 | 36.84 |
| ഫിഷറീസ് ഓഫീസർ | 2 | 0 | 19,65,000 | 0 | 0 |
| ആകെ | 179 | 148 | 7,77,97,739 | 4,04,03,969 | 51.93 |

## 1-5 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 876 | 9,36,288 | 9,37,164 | 9,23,037 | 14,127 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 95,99,512 | 95,99,512 | 95,99,512 | 0 |

## 1-6 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക (₹) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| വാർദ്ധക്യകാല പെൻഷൻ | 2,05,32,300 | 1089 |
| കർഷകതൊഴിലാളി പെൻഷൻ | 12,09,000 | 61 |
| വിധവാപെൻഷൻ | 65,65,900 | 338 |
| 50 വയസിനു മുകളിൽ പ്രായമായ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 6,16,100 | 34 |
| വികലാംഗപെൻഷൻ | 22,87,400 | 116 |
| സാധുക്കളായ വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 1,50,000 | 5 |
| തൊഴിൽരഹിത വേതനം | 31,800 | 45 |

## 1-7 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 15.07.2022-ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹5060/- (അയ്യായിരത്തി അറുപത് രൂപ മാത്രം) ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തരനിയന്ത്രണം

1. ഓഫീസ് സംവിധാനം- 4 ക്ലർക്കുമാരും 3 സീനിയർ ക്ലർക്കുമാരും 1 ഓഫീസ് അറ്റൻഡന്റും 1 പാർട്ട് ടൈം സ്വീപ്പറും 1 ഡ്രൈവറും 1 അക്കൗണ്ടന്റും 1 ഹെഡ് ക്ലാർക്കും 1 സെക്രട്ടറിയും ഉൾപ്പെടുന്നതാണ്. ഓഫീസ് ഓർഡർ പ്രകാരം കൃത്യമായ ജോലി വിഭജനം നടത്തിയിട്ടുണ്ട്.
2. നിക്ഷേപ പ്രവൃത്തികൾ നിർവ്വഹണം കൃത്യമായി പൂർത്തിയാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നില്ല. ഭൂജലവകുപ്പിൽ വിവിധ പദ്ധതികൾക്കായി തുകകൾ നിക്ഷേപിച്ചിരിക്കുന്നുവെങ്കിലും പദ്ധതികൾ പൂർത്തിയാക്കിയില്ല.

3. പൊതുമരാമത്ത് പ്രവൃത്തികൾ വഴി പുതുതായി സൃഷ്ടിക്കുന്ന അസ്തികളുടെ വിവരം ആസ്തി രജിസ്റ്ററുകളിൽ ഉൾപ്പെടുത്തുന്നില്ല. ആസ്തി രജിസ്റ്റർ സർക്കാർ നിർദ്ദേശിച്ചിരിക്കുന്ന പ്രകാരം പരിപാലിക്കേണ്ടതാണ്.

4. തെരുവുവിളക്ക് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. പൊതുടാപ്പുകളുടെയും തെരുവ് വിളക്കുകളുടെയും സംയുക്ത

പരിശോധന നടത്തിയിട്ടില്ല. ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ, ഓഡിറ്റ് റിക്കവറി രജിസ്റ്റർ എന്നിവ കൃത്യമായി പരിപാലിക്കുന്നില്ല.

5. പദ്ധതികളും ഗുണഭോക്താക്കളെയും നിർദ്ദേശിക്കുകയും അംഗീകരിക്കുകയും ചെയ്യുന്നതല്ലാതെ തുടർ മോണിട്ടറിംഗ് സ്റ്റാൻഡിംഗ് കമ്മിറ്റികൾ നടത്തുന്നില്ല. പ്രോജക്ടുകളുടെ വിലയിരുത്തൽ നടത്തുന്നില്ല. വാർഷിക പദ്ധതിയുടെ നിർവ്വഹണ ഘട്ടത്തിൽ കാര്യക്ഷമമായ മോണിട്ടറിംഗ് സംവിധാനം നടപ്പിലാക്കുന്നില്ല. സെക്രട്ടറി നിർവ്വഹണം നടത്തിയ പദ്ധതികളിൽ പ്രോജക്ടിൽ നിന്ന് വ്യതിചലിച്ച് പദ്ധതി നിർവ്വഹണം നടത്തിയിരിക്കുന്നു. വാങ്ങൽ പ്രക്രീയകളിൽ ആവശ്യമായ കരുതലുകൾ സ്വീകരിക്കുന്നില്ല.

<u>ഫ്രണ്ട് ഓഫീസ് പ്രവർത്തനം.</u>

വരുന്ന തപാലുകൾ കൃത്യമായി ഫ്രണ്ട് ഓഫീസിൽ നിന്ന് ഐ എൽ ജി എം എസ് സോഫ്റ്റ് വെയറിൽ ഡിസ്ട്രിബ്യൂഷൻ നടത്തുന്നുണ്ട് .

<u>ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ</u> – ഓരോ ദിവസവും ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി ഏൽപ്പിക്കുന്ന രജിസ്റ്റർ കൃത്യമായി പരിപാലിക്കുന്നുണ്ട്.

1-9 വാർഷിക കണക്കിലെ അപാകതകൾ

1. ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി മുൻകൂർ നൽകിയ തുക വാർഷികകണക്കിൽ ചെലവായി കാണിച്ചിരിക്കുന്നു.

പ്രോജക്ട് നം.178/2021 ബോർവെൽ നിർമ്മാണം പദ്ധതിയ്ക്കായി കേരള ഗ്രൗണ്ട് വാട്ടർ അതോറിറ്റിയ്ക്ക് 20100152002301270323 തീ.17.03.2021 പ്രകാരം 50500/- നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ലഭിക്കാത്തതിനാൽ ഈ തുക ബാലൻസ് ഷീറ്റിൽ മുൻകൂറായി കാണിക്കേണ്ടതാണ്.

1-10 ILGMS സോഫ്റ്റ് വെയറിലൂടെയുള്ള ഭരണനിർവഹണത്തിലെ അപാകതകൾ

ഗ്രാമപഞ്ചായത്തുകളുടെ ദൈനംദിന പ്രവർത്തനങ്ങൾ, സേവനങ്ങൾ, ഫയൽ നീക്കം, അക്കൗണ്ടിംഗ് തുടങ്ങിയ എല്ലാ പ്രവർത്തനങ്ങളും ഒറ്റ ഡിജിറ്റൽ പ്ലാറ്റ്ഫോമിൽ കൈകാര്യം ചെയ്യുന്നതിനായി തയ്യാറാക്കിയ ILGMS സോഫ്റ്റ്വെയർ 2020-21-ൽ സംസ്ഥാനത്തെ തിരഞ്ഞെടുത്ത ഗ്രാമപഞ്ചായത്തുകളിൽ മാത്രമാണ് വിന്യസിച്ചിട്ടുള്ളത്. കേരള പഞ്ചായത്ത് രാജ് നിയമത്തിനും അതിനു കീഴിൽ നിർമ്മിക്കപ്പെട്ടിട്ടുള്ള വിവിധ ചട്ടങ്ങൾക്കും അനുസൃതമായി, ഉദ്യോഗസ്ഥർക്കും ജീവനക്കാർക്കും വിവരസാങ്കേതികവിദ്യയുടെ സഹായത്തോടെ ഓഫീസ് പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനു കഴിയുന്ന രീതിയിൽ കടലാസ് രഹിത ഫയൽ നീക്കമാണ് സോഫ്റ്റ്വെയർ വിഭാവനം ചെയ്യുന്നത്. നിലവിൽ ഉപയോഗിച്ച് വരുന്ന വിവിധ സോഫ്റ്റ്വെയറുകൾ ഒറ്റ പ്ലാറ്റ്ഫോമിൽ ലഭ്യമാക്കുകയും പഞ്ചായത്തുകളിൽ നിലവിൽ ഉപയോഗിക്കുന്ന മറ്റ് സോഫ്റ്റ്വെയറുകൾ സംയോജിപ്പിച്ച് ഉപയോഗിക്കുകയും ചെയ്യുന്നതിലൂടെ ഗ്രാമപഞ്ചായത്തുകൾ നൽകി വരുന്ന സേവനങ്ങളുടെ ഗുണനിലവാരം പരമാവധി കുറ്റമറ്റതാക്കാനും വളരെ പെട്ടെന്ന് ലഭ്യമാക്കാനും ലക്ഷ്യമിടുന്നു. സമയബന്ധിതവും കാര്യക്ഷമവും സുതാര്യത ഉറപ്പുവരുത്തിയുമുള്ള സേവനം പ്രാപ്യമാക്കി ഗ്രാമപഞ്ചായത്തുകളെ ജനസ്വീകാര്യ സദ്സേവന കേന്ദ്രങ്ങളാക്കി മാറ്റുക എന്നതാണ് ILGMS-ന്റെ പ്രഖ്യാപിത ലക്ഷ്യം. എന്നാൽ എല്ലാ സേവനങ്ങളും ഒരു സോഫ്റ്റ് വെയറിൻ കീഴിലേക്ക് മാറുന്നുവെന്ന സങ്കല്പം രണ്ടു വർഷം പൂർത്തിയാവുമ്പോഴും സാക്ഷാത്ക്കരിച്ചിട്ടില്ല. മുൻകാലങ്ങളിൽ ഗ്രാമപഞ്ചായത്തിന്റെ വിവിധ ആവശ്യങ്ങൾക്ക് വിന്യസിച്ചിരുന്ന 17 സോഫ്റ്റ് വെയറുകളിൽ കേവലം 03 എണ്ണം – സാംഖ്യ, സിവിൽ രജിസ്ട്രേഷൻ, സൂചിക – എന്നിവ മാത്രമാണ് ഭാഗികമായെങ്കിലും ഇതിലേക്ക് പോർട്ടു

ചെയ്യപ്പെട്ടിട്ടുള്ളത്.

07.10.2020 മുതലാണ് കുടയത്തൂർ ഗ്രാമപഞ്ചായത്തിൽ ILGMS പ്രവർത്തനം ആരംഭിച്ചിട്ടുള്ളത്. പുതിയ സംവിധാനം വിന്യസിച്ചതിലെ ബാലാരിഷ്ടതകൾ ഇപ്പോഴും പൂർണമായി പരിഹരിക്കപ്പെട്ടിട്ടില്ലായെന്ന് ചുവടെ പരാമർശിക്കുന്ന അപാകതകൾ വ്യക്തമാക്കുന്നു.

1) 07-10-2020 ന ശേഷം വിതരണം ചെയ്ത 25185, 25186, 16755, 16756, 16760, 16762 എന്നീ രസീത് ബുക്കുകൾ കാലാവധിക്ക ശേഷം ILGMS ൽ ക്ലോസ് ചെയ്തിട്ടില്ല.

2) നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നൽകിയ 16757, 16758, 16759, 16761, 16763 എന്നീ മാന്വൽ രസീത് ബുക്കുകൾ ILGMS വഴി വിതരണം ചെയ്യുകയോ ഉപയോഗ ശേഷം ക്ലോസ് ചെയ്യുകയോ ചെയ്തിട്ടില്ല.

3) പഞ്ചായത്തിന്റെ ഫ്രണ്ട് ഓഫീസ് വഴി "ഔട്ട്ഡോർ കളക്ഷൻ" എന്ന പേരിൽ വരവ് രേഖപ്പെടുത്തുന്ന തുകകൾ അതത് ദിവസം തന്നെ നിശ്ചിത ശീർഷകങ്ങളിലേക്ക് ക്രെഡിറ്റ് ചെയ്യേണ്ടതാണ്. ഇപ്രകാരമുള്ള ക്രമീകരണം നടത്തുമ്പോൾ ഔട്ട്ഡോർ കൺട്രോൾ രജിസ്റ്റർ പ്രകാരം ഒരുമിച്ച് വരവായി രേഖപ്പെടുത്തിയ തുക ചെലവായി മാറി വരവും ചെലവും തുല്യമാകേണ്ടതാണ്. എന്നാൽ ILGMS വിന്യസിച്ച 07-10-2020-ന് ശേഷം 15 -03-2022 വരെ Out Door Collection എന്ന പേരിൽ വരവ് രേഖപ്പെടുത്തിയ ₹192,661/- പ്രസ്തുത ക്രമീകരണത്തിന്റെ അഭാവത്തിൽ Out Door Control Account-ൽ നീക്കിയിരിപ്പായി കാണുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.4/16-07-2022 ) ലഭ്യമാക്കിയ മറുപടിയിൽ ILGMS ലെ സാങ്കേതിക തകരാറ് മൂലം സംഭവിച്ച അപാകതയാണെന്ന് അറിയിച്ചിട്ടുണ്ട്. യഥാസമയം കൃത്യമായ ക്രമീകരണം നടത്താതിരുന്നത് സാങ്കേതിക തകരാറായി പരിഗണിക്കാൻ സാധിക്കില്ല.
പ്രസ്തുത അപാകതകൾ പരിഹരിക്കേണ്ടതും വിഭാവനം ചെയ്ത ലക്ഷ്യം സാക്ഷാത്ക്കരിക്കാനുതകും വിധം സോഫ്റ്റ്വെയറിലൂടെയുള്ള ഭരണനിർവഹണം സാധ്യമാക്കേണ്ടതുമാണ്.

## 1-11 വാടക ഈടാക്കുന്നതിലെ അപാകതകൾ

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സ് മുറികളുടെ വാടക വരവിൽ ഓരോ വർഷവും ഗണ്യമായ കുറവുണ്ടാകുന്നുവെന്ന് പരിശോധനയിൽ വ്യക്തമായി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | വാടകയ്ക്ക് നൽകിയ മുറികളുടെ എണ്ണം | വാർഷിക വാടക വരവ് ₹ |
|---|---:|---:|
| 2018-19 | 8 | 2,00,356 |
| 2019-20 | 7 | 1,80,828 |
| 2020-21 | 5 | 1,61,232 |

ഈ വിഷയത്തിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.3/തീ.15-07-2022) സെക്രട്ടറി സമർപ്പിച്ച മറുപടിയിൽ നാല് മുറികൾ കൃഷി ഭവന്റെ ഇക്കോഷോപ്പ്, കുടുംബശ്രീ ഓഫീസ്, അക്ഷയ സെന്റർ, MCF എന്നിവയായി പ്രവർത്തിക്കുന്നതിനാൽ വാടക ഈടാക്കുന്നില്ലെന്ന് വിശദീകരിച്ചിട്ടുണ്ട്. അക്ഷയ കേന്ദ്രം മുൻപ് ഷോപ്പിംഗ് കോംപ്ലക്സിലെ സ്റ്റെയർകേസിന്റെ അടിവശത്താണ് പ്രവർത്തിച്ചിരുന്നത്. നിലവിൽ 3/112 നമ്പർ മുറിയിലാണ് അതിന്റെ പ്രവർത്തനം. പ്രദാനം ചെയ്യുന്ന സേവനങ്ങൾക്ക് സർക്കാർ നിശ്ചയിച്ചിട്ടുള്ള ഫീസ് വാങ്ങി പ്രവർത്തിക്കുന്ന സ്ഥാപനമാകയാലും ഒരു മുറിയുടെ സ്ഥല സൗകര്യം നിലവിൽ അനുവദിക്കപ്പെട്ടതിനാലും അതിന് വാടകയിൽ ഇളവ് അനുവദിക്കേണ്ട ആവശ്യകതയില്ല. ആകയാൽ അക്ഷയകേന്ദ്രം പ്രവർത്തിക്കുന്ന മുറിയ്ക്ക് ഉചിതമായ വാടക നിശ്ചയിച്ച്, അത് നടത്തുന്ന വ്യക്തിയുമായി കരാറിലേർപ്പെട്ട്, വാടക ഈടാക്കി വിവരമറിയിക്കേണ്ടതാണ്. കൂടാതെ പഴയ പഞ്ചായത്ത് കാര്യാലയത്തിന്റെ നവീകരണം പൂർത്തിയായതിനാൽ ഷോപ്പിംഗ് കോംപ്ലക്സ് മുറിയിൽ പ്രവർത്തിക്കുന്ന

കുടുംബശ്രീ ഓഫീസ് അതിലേയ്ക്ക് മാറ്റിയും MCF-ന് ഉചിത സ്ഥലം കണ്ടെത്തിയും ഷോപ്പിംഗ് കോംപ്ലക്സിലെ മുറികൾ ഒഴിവാക്കിയെടുത്ത് പരസ്യ ലേലത്തിലൂടെ കയ്യൊഴിഞ്ഞ് തനത് വരുമാന വർദ്ധനവ് ഉറപ്പാക്കേണ്ടതാണ്.

1-12 റിസോർട്ടുകൾ, ലോഡ്ജുകൾ, ഓഡിറ്റോറിയം എന്നിവ ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്നു

സഞ്ചയ സോഫ്റ്റ്‌വെയറിൽ ക്രോഡീകരിച്ച വിവരങ്ങൾ പ്രകാരം റിസോർട്ടുകൾ, ലോഡ്ജുകൾ, ഓഡിറ്റോറിയം എന്നീ ഗണത്തിൽ ഉൾപ്പെട്ട താഴെ പരാമർശിക്കുന്ന കെട്ടിടങ്ങൾ ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്നതായി കാണുന്നു.

| ക്രമ നം. | കെട്ടിട നം. | ഉടമസ്ഥന്റെ വിവരം | ഉപയോഗക്രമം |
|---|---|---|---|
| 1 | 6/2 | ശശി നീലകണ്ഠൻ, തൊണ്ടിപ്പറമ്പിൽ | റിസോർട്ട് |
| 2 | 9/237 | സണ്ണി തോമസ്, വെട്ടത്ത് | റിസോർട്ട് |
| 3 | 9/238 | സണ്ണി തോമസ്, വെട്ടത്ത് | റിസോർട്ട് |
| 4 | 9/239 | സണ്ണി തോമസ്, വെട്ടത്ത് | റിസോർട്ട് |
| 5 | 9/240 | സണ്ണി തോമസ്, വെട്ടത്ത് | റിസോർട്ട് |
| 6 | 9/241 | സണ്ണി തോമസ്, വെട്ടത്ത് | റിസോർട്ട് |
| 7 | 9/242 | സണ്ണി തോമസ്, വെട്ടത്ത് | റിസോർട്ട് |
| 8 | 9/242A | സണ്ണി തോമസ്, വെട്ടത്ത് | റിസോർട്ട് |
| 9 | 1/40A | സണ്ണി തോമസ്, വെട്ടത്ത് | ലോഡ്ജ് |
| 10 | 1/40B | സണ്ണി തോമസ്, വെട്ടത്ത് | ലോഡ്ജ് |
| 11 | 1/40C | സണ്ണി തോമസ്, വെട്ടത്ത് | ലോഡ്ജ് |
| 12 | 3/144A | ഐഷ അബ്ദുൾസലാം, വരിക്കാനിക്കൽ | ലോഡ്ജ് |
| 13 | 3/144B | ഐഷ അബ്ദുൾസലാം, വരിക്കാനിക്കൽ | ലോഡ്ജ് |
| 14 | 3/144E | ഐഷ അബ്ദുൾസലാം, വരിക്കാനിക്കൽ | ലോഡ്ജ് |
| 15 | 3/144F | ഐഷ അബ്ദുൾസലാം, വരിക്കാനിക്കൽ | ലോഡ്ജ് |
| 16 | 12/19B | ബെറ്റി മാത്യു, പഴയിടത്ത് | ലോഡ്ജ് |
| 17 | 12/19E | ബെറ്റി മാത്യു, പഴയിടത്ത് | ലോഡ്ജ് |
| 18 | 12/19D | ബെറ്റി മാത്യു, പഴയിടത്ത് | ലോഡ്ജ് |
| 19 | 12/19C | ബെറ്റി മാത്യു, പഴയിടത്ത് | ലോഡ്ജ് |
| 20 | 12/19F | ബെറ്റി മാത്യു, പഴയിടത്ത് | ലോഡ്ജ് |
| 21 | 12/19G | ബെറ്റി മാത്യു, പഴയിടത്ത് | ലോഡ്ജ് |
| 22 | 3/154E | ഇസ്ലാമിക് ഡെവലപ്മെന്റ് ട്രസ്റ്റ് | ലോഡ്ജ് |
| 23 | 3/154G | ബെറ്റി മാത്യു, പഴയിടത്ത് | ലോഡ്ജ് |
| 24 | 3/154H | ബെറ്റി മാത്യു, പഴയിടത്ത് | ലോഡ്ജ് |
| 25 | 3/154I | ബെറ്റി മാത്യു, പഴയിടത്ത് | ലോഡ്ജ് |
| 26 | 3/154J | ബെറ്റി മാത്യു, പഴയിടത്ത് | ലോഡ്ജ് |
| 27 | 3/154K | ബെറ്റി മാത്യു, പഴയിടത്ത് | ലോഡ്ജ് |
| 28 | 3/154L | ബെറ്റി മാത്യു, പഴയിടത്ത് | ലോഡ്ജ് |

| | | | |
|---|---|---|---|
| 29 | 4/352 | അബ്ദുൾ കരീം ,കുന്നംപുറത്ത് | ലോഡ്ജ് |
| 30 | 4/353 | അബ്ദുൾ കരീം, കുന്നംപുറത്ത് | ലോഡ്ജ് |
| 31 | 4/354 | അബ്ദുൾ കരീം, കുന്നംപുറത്ത് | ലോഡ്ജ് |
| 32 | 4/355 | അബ്ദുൾ കരീം, കുന്നംപുറത്ത് | ലോഡ്ജ് |
| 33 | 4/356 | അബ്ദുൾ കരീം, കുന്നംപുറത്ത് | ലോഡ്ജ് |
| 34 | 4/357 | അബ്ദുൾ കരീം, കുന്നംപുറത്ത് | ലോഡ്ജ് |
| 35 | 4/358 | അബ്ദുൾ കരീം, കുന്നംപുറത്ത് | ലോഡ്ജ് |
| 36 | 4/359 | അബ്ദുൾ കരീം, കുന്നംപുറത്ത് | ലോഡ്ജ് |
| 37 | 4/360 | അബ്ദുൾ കരീം, കുന്നംപുറത്ത് | ലോഡ്ജ് |
| 38 | 4397/D | അബ്ദുൾകരീം, അബ്ദുൾ ഹമീദ്, സലിം കെ.ഐ., പുത്തൻവീട്ടിൽ കണ്ടത്തിൽ | ലോഡ്ജ് |
| 39 | 4397/E | അബ്ദുൾ കരീം, അബ്ദുൾ ഹമീദ്, സലിം കെ.ഐ., പുത്തൻവീട്ടിൽ കണ്ടത്തിൽ | ലോഡ്ജ് |
| 40 | 4397/F | അബ്ദുൾ കരീം, അബ്ദുൾ ഹമീദ്, സലിം കെ.ഐ., പുത്തൻവീട്ടിൽ കണ്ടത്തിൽ | ലോഡ്ജ് |
| 41 | 4397/G | അബ്ദുൾ കരീം, അബ്ദുൾ ഹമീദ്, സലിം കെ.ഐ., പുത്തൻവീട്ടിൽ കണ്ടത്തിൽ | ലോഡ്ജ് |
| 42 | 4397/H | അബ്ദുൾ കരീം, അബ്ദുൾ ഹമീദ്, സലിം കെ.ഐ., പുത്തൻവീട്ടിൽ കണ്ടത്തിൽ | ലോഡ്ജ് |
| 43 | 4397/I | അബ്ദുൾ കരീം, അബ്ദുൾ ഹമീദ്, സലിം കെ.ഐ., പുത്തൻവീട്ടിൽ കണ്ടത്തിൽ | ലോഡ്ജ് |
| 44 | 13/1/A | സജീവൻ, പടിക്കപ്പറമ്പിൽ | ലോഡ്ജ് |
| 45 | 13/1/B | സജീവൻ,പടിക്കപ്പറമ്പിൽ | ലോഡ്ജ് |
| 46 | 13/1/C | സജീവൻ, പടിക്കപ്പറമ്പിൽ | ലോഡ്ജ് |
| 47 | 13/1/D | സജീവൻ, പടിക്കപ്പറമ്പിൽ | ലോഡ്ജ് |
| 48 | 13/160A | അനീസ് മാത്യൂ,പഴയിടത്ത് | ലോഡ്ജ് |
| 49 | 13/160B | അനീസ് മാത്യൂ, പഴയിടത്ത് | ലോഡ്ജ് |
| 50 | 13/160C | അനീസ് മാത്യൂ, പഴയിടത്ത് | ലോഡ്ജ് |
| 51 | 5/182/A | ടോം മാത്യൂ, തെക്കേടത്ത് | ലോഡ്ജ് |
| 52 | 6/3 | ആന്റോ ടി.എ., തണ്ടിക്കൽ | ലോഡ്ജ് |
| 53 | 3/76/B | സി.രജിത് കുമാർ, പുളിയമ്മാക്കൽ | ഓഡിറ്റോറിയം |
| 54 | 5/257 | വികാർ, സി.എസ്.ഐ. ചർച്ച്, കുവപ്പള്ളി | ഓഡിറ്റോറിയം |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.9/19-07-22) മറുപടി ലഭ്യമാക്കിയില്ല. വിനോദസഞ്ചാരം, സിനിമാ ചിത്രീകരണം തുടങ്ങിയവയ്ക്ക് പ്രസിദ്ധമായ ധാരാളം സ്ഥലങ്ങൾ ഉള്ളതിനാലും ഏറെ അന്യസംസ്ഥാന തൊഴിലാളികൾ അധിവസിക്കുന്നതിനാലും റിസോർട്ടുകൾ, ലോഡ്ജുകൾ എന്നിവയുടെ പ്രവർത്തനം നിയന്ത്രിക്കേണ്ടത് അനിവാര്യമാണ്. റിസോർട്ടുകൾ, ലോഡ്ജുകൾ എന്നിവയുടെ എണ്ണം, ഉപയോഗക്രമം എന്നത് സംബന്ധിച്ച് കൃത്യമായ ഫീൽഡ് പരിശോധന നടത്തി അവ ലൈസൻസോടുകൂടിയാണ് പ്രവർത്തിക്കുന്നതെന്ന് ഉറപ്പു വരുത്തേണ്ടതാണ്. അന്യസംസ്ഥാന തൊഴിലാളികൾ താമസിക്കുന്ന ഇടങ്ങളിൽ അക്രമം, മലിനീകരണം, ആരോഗ്യ പ്രശ്നങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട വാർത്തകൾ മറ്റ് പലയിടങ്ങളിലും

ആനുകാലികമായി റിപ്പോർട്ട് ചെയ്യപ്പെടുന്ന സാഹചര്യത്തിൽ ഈ വിഷയത്തിന് പ്രത്യേക പ്രാധാന്യം നൽകി ലോഡ്ജുകളുടെ പ്രവർത്തനം നിയന്ത്രിക്കുന്നതിൽ പഞ്ചായത്ത് അധികാരികളുടെയും ഭരണ സമിതിയുടെയും അടിയന്തിര ശ്രദ്ധ ഉണ്ടാവേണ്ടതും തുടർ നടപടികൾ ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

### 1-13 കോവിഡ് പ്രതിരോധവുമായി ബന്ധപ്പെട്ട ചെലവുകൾ

കോവിഡ് പ്രതിരോധവുമായി ബന്ധപ്പെട്ട് മികച്ച പ്രവർത്തനങ്ങളാണ് കുടയത്തൂർ ഗ്രാമപഞ്ചായത്ത് കാഴ്ചവെച്ചിട്ടുള്ളത്. കുടയത്തൂർ ഗവ ഹൈസ്കൂളിൽ പഞ്ചായത്ത് പ്രസിഡന്റ് ചെയർപേഴ്സൻ ആയും മെഡിക്കൽ ഓഫീസർ കൺവീനർ ആയിട്ടുമുള്ള ഡി.സി.സി മാനേജ്മെന്റ് കമ്മിറ്റി പ്രവർത്തിച്ചിരുന്നു. ക്ലീനിംഗ്, ഗ്യാസ് സ്റ്റൗ, ഭക്ഷണ വിതരണം, സ്റ്റേഷനറി എന്നീ ഇനത്തിലും അടിസ്ഥാന സൗകര്യ വികസനത്തിനും തുക ചെലവഴിച്ചിട്ടുണ്ട്. ഡി.സി.സി മാനേജ്മെന്റ് കമ്മിറ്റി യഥാസമയം യോഗം കൂടി കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കിയിരുന്നു. 30-3-2020 തിയതിയിൽ കോവിഡ് ഹെല്പ് ഡെസ്ക് രൂപീകരിച്ചിരുന്നു. കോവിഡ് പ്രതിരോധ മോണിറ്ററിംഗ് സമിതി പഞ്ചായത്തിൽ പ്രവർത്തിച്ചിരുന്നു. കോവിഡ് പ്രവർത്തനങ്ങൾക്കായി ദിവസവേതനാടിസ്ഥാനത്തിൽ ജോലിക്കാരെ നിയമിച്ചിരുന്നു. DCC യിലേക്ക് ഭക്ഷണം നല്കുന്നതിന് കമ്മ്യൂണിറ്റി കിച്ചൻ പ്രവർത്തിച്ചിരുന്നു. ധനകാര്യകമ്മീഷൻ ഗ്രാന്റിൽ നിന്ന് ₹1,06,107/-ഉപയോഗിച്ച് എല്ലാ വീടുകളിലും കോട്ടൺ മാസ്കുകൾ നൽകുന്ന പദ്ധതി ഏറ്റെടുത്ത് നടപ്പാക്കിയിരിക്കുന്നു. പ്രതിരോധ പ്രവർത്തനങ്ങൾക്കായി ജില്ലാ കളക്ടറിൽ നിന്നും ലഭ്യമായ ₹5,00,000/-യിൽ ₹2,71,860/ ട്രഷറി അക്കൗണ്ട് നമ്പർ 799011400005906 ൽ ശേഷിക്കുന്നുണ്ട്. കേരള ഗ്രാമീൺ ബാങ്കിൽ, പ്രസിഡന്റ്, ഹെഡ്ക്ലർക്ക് എന്നിവരുടെ പേരിലുള്ള സംയുക്ത അക്കൗണ്ടിൽ ₹44,936/ ചെലവാകാതെ അവശേഷിക്കുന്നുണ്ട്. തനത് ഫണ്ടിൽ നിന്നും ഈ പ്രവർത്തനത്തിന് ₹38,975/ ചെലവഴിച്ചിട്ടുണ്ട്.

### 1-14 ഇലക്ഷൻ നിക്ഷേപം കണ്ടുകെട്ടിയില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 144(4) വകുപ്പ് അനുസരിച്ച്, തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിലേക്ക് നടക്കുന്ന തിരഞ്ഞെടുപ്പിൽ ആകെ പോൾ ചെയ്യപ്പെട്ട സാധുവായ വോട്ടുകളുടെ ആറിൽ ഒന്ന് (1/6) എണ്ണം വോട്ടുകൾ കരസ്ഥമാക്കാത്ത സ്ഥാനാർത്ഥികളുടെ ഇലക്ഷൻ നിക്ഷേപ തുക പഞ്ചായത്ത് ഫണ്ടിലേക്ക് കണ്ടുകെട്ടേണ്ടതാണ്. നിക്ഷേപ രജിസ്റ്റർ പ്രകാരം പ്രസ്തുത ഇനത്തിൽ തൻവർഷം ₹33500/- വരവുണ്ട്. എന്നാൽ 2020 ഡിസംബർ മാസം നടന്ന തിരഞ്ഞെടുപ്പിൽ വിജയവും പ്രസ്തുത എണ്ണം വോട്ടും ലഭിക്കാത്ത സ്ഥാനാർത്ഥികളുടെ ഇലക്ഷൻ നിക്ഷേപം കണ്ടുകെട്ടാൻ നടപടികളായിട്ടില്ല. വരണാധികാരിയിൽ നിന്ന് ലഭിച്ച തിരഞ്ഞെടുപ്പ് ഫലം അടിസ്ഥാനപ്പെടുത്തി പ്രസ്തുത നിക്ഷേപം പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടാൻ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

### 1-15 ഈ-ടെൻഡർ ഫോം വില ഗ്രാമപഞ്ചായത്തിന് കൈമാറി ലഭിച്ചിട്ടില്ല

അഞ്ചു ലക്ഷം രൂപയിലധികം അടങ്കലുള്ള കരാർ പ്രവൃത്തികൾ ഈ-ടെൻഡർ നടപടിക്രമങ്ങൾ പാലിച്ചാണ് നടപ്പാക്കേണ്ടതെന്ന് ധനകാര്യ വകുപ്പിന്റെ 30.4.2015-ലെ ജി.ഒ(പി) 1288/15 നമ്പർ ഉത്തരവിലൂടെ സർക്കാർ വ്യക്തമാക്കിയിരുന്നു. ഇതനുസരിച്ച് നടപ്പിലാക്കുന്ന മരാമത്ത് പ്രോജക്ടുകളുടെ ടെണ്ടർ ഫോം വില ഓൺലൈൻ പേയ്മെന്റ് സംവിധാനത്തിലൂടെ ജില്ലാപഞ്ചായത്തിലെ മരാമത്തു വിഭാഗം എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിലേക്കാണ് ഒടുക്കുന്നത്. ഗ്രാമപഞ്ചായത്ത് 2020-21 സാമ്പത്തിക വർഷം ഈ-ടെൻഡർ നടപടികളിലൂടെ 19 പ്രോജക്ടുകൾ നടപ്പാക്കിയിട്ടുണ്ടെങ്കിലും പ്രസ്തുത തുകകൾ (ടെൻഡർ ഫോം വില) ഗ്രാമപഞ്ചായത്തിന് നാളിതുവരെ കൈമാറി ലഭിച്ചിട്ടില്ല. വിവിധ കരാറുകാർ ഈയിനങ്ങളിൽ ഒടുക്കിയ തുകകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| സാമ്പത്തിക വർഷം | പ്രവൃത്തികളുടെ എണ്ണം | ഫോം വില |
|---|---|---|
| 2020-21 | 19 | 78474 |

ഗ്രാമപഞ്ചായത്തിന് അർഹതപ്പെട്ട പ്രസ്തുത തുക ലഭിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

## 1-16 ബോർവെൽ നിർമ്മാണം. - നിക്ഷേപപ്രവൃത്തി-പദ്ധതി പൂർത്തീകരിച്ചില്ല.

| | |
|---|---|
| പ്രോജക്ട് നം | 178/2020-21 ബോർവെൽ നിർമ്മാണം |
| ഫണ്ടിനം | ധനകാര്യകമ്മീഷൻ ഗ്രാന്റ് |
| നിർവ്വഹണം | സെക്രട്ടറി |
| ബിൽ നം | 20100152002301270323 /17.03.21- ₹50500/- |

കുഴൽകിണർ നിർമ്മിക്കുന്നതിനായി ഭൂജലവകുപ്പിന്റെ ജില്ലാ ഓഫീസിൽ മേൽ തുക നിക്ഷേപിച്ചിരിക്കുന്നു. എന്നാൽ നാളിതുവരെയായി പദ്ധതി പൂർത്തീകരിച്ചിട്ടില്ല. പദ്ധതി പൂർത്തീകരിക്കാത്തതിനാൽ ഈ ഇനത്തിലെ ചെലവ് ₹50,500/- തടസ്സപ്പെടുത്തുന്നു.

## 1-17 സാങ്കേതികമായി എല്ലാ സൈറ്റുകളിലും ആവശ്യമില്ലാത്ത ഇനം ഉൾപ്പെടുത്തി എസ്റ്റിമേറ്റുകൾ തയ്യാറാക്കി

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് PRICE സോഫ്റ്റ് വെയറിൽ തയ്യാറാക്കുന്നതിനുള്ള മാർഗരേഖ ധനകാര്യവകുപ്പിന്റെ (സാങ്കേതിക പരിശോധനാ വിഭാഗം) 19.09.2016-ലെ 78/2016 നമ്പർ സർക്കുലർ പ്രകാരം പുറപ്പെടുവിച്ചിരുന്നു. സാങ്കേതികമായി സൈറ്റിൽ ആവശ്യമില്ലാത്തതും ഉയർന്ന മൂല്യമുള്ളതുമായ ഇനങ്ങൾ ഉൾപ്പെടുത്തുന്ന പ്രവണത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നും തന്മൂലം പൊതുപണത്തിന്റെ ദുർവ്യയത്തിന് കാരണമാകുന്നുവെന്നും അതിനാൽ സ്റ്റാന്റേഡ് ഡാറ്റായിലെ ഇനങ്ങളുടെ നിരക്ക് വിശകലനം ചെയ്തും താരതമ്യം ചെയ്തും ആവശ്യമായ ഇനങ്ങൾ മാത്രം ഉൾപ്പെടുത്തി വേണം എസ്റ്റിമേറ്റുകൾ തയ്യാറാക്കേണ്ടതെന്ന് പ്രസ്തുത പരിപത്രത്തിന്റെ 6-ാം ഖണ്ഡികയിൽ നിർദ്ദേശിച്ചിട്ടുണ്ട്. ധനകാര്യ വകുപ്പിന്റെ പ്രസ്തുത നിർദ്ദേശം നിലനിൽക്കെ, തൻവർഷം ഏറ്റെടുത്ത എല്ലാ റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികളുടെ എസ്റ്റിമേറ്റുകളിലും താഴെ പരാമർശിക്കുന്ന ഒരിനം ഉൾപ്പെടുത്തി തുക ചെലവഴിച്ചതായി കാണുന്നു.

Od 141094/2019-20

Screening Laying By Using 10mm Aggregate 5mm Thick Back Filling To Receive The Concrete For Road Pavements Including Supplying Of Required Materials And Consolidation Etc. Complete.

ചെളി നിറഞ്ഞതും ചതുപ്പുള്ളതുമായ (Slushy-marshy Areas) സ്ഥലങ്ങളിൽ പ്രസ്തുത ഇനം ചിലപ്പോൾ ആവശ്യമായി വരാമെങ്കിലും, വ്യാപകമായി അത് എസ്റ്റിമേറ്റുകളിൽ ഉൾപ്പെടുത്തിയ നടപടി ക്രമപ്രകാരമുള്ളതല്ല. സൈറ്റുകളുടെ ഭൗതിക അവസ്ഥ സമഗ്രമായി വിലയിരുത്താതെ എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നതിനാലാണ് പ്രസ്തുത അപാകത സംഭവിച്ചതെന്ന് വ്യക്തമാണ്. ഈ വിഷയത്തിൽ

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.10/തീ.20.07.2022) നിർവഹണ ഉദ്യോഗസ്ഥനായ അസി. എൻജിനിയർ സമർപ്പിച്ച മറുപടിയിൽ ഭൂമി ശാസ്ത്രപരമായ പ്രത്യേകതകൾ മൂലമാണ് പ്രസ്തുത ഇനം എസ്റ്റിമേറ്റിൽ ചേർത്തതെന്നും ഇത്തരം ഉൾപ്പെടുത്തലുകൾ ഭാവിയിൽ നിയന്ത്രിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾ കർശനമായി പാലിച്ച്, പഞ്ചായത്ത് ഫണ്ടിന് അധികച്ചെലവുണ്ടാകുന്ന അവസ്ഥ കർശനമായി ഒഴിവാക്കേണ്ടതാണ്.

1-18 മരുന്നുവാങ്ങൽ - ക്വട്ടേഷൻ വിവരങ്ങൾ പൂർണ്ണമായി ലഭ്യമാക്കിയില്ല

കടയത്തൂർ പി.എച്ച്.സി.ക്ക് മരുന്നുവാങ്ങൽ പദ്ധതിയ്ക്കായി ക്വട്ടേഷൻ, ക്ഷണിച്ച് അടിമാലി സപ്ലൈക്കോയിൽ നിന്നും താഴെപ്പറയും പ്രകാരം മരുന്നുവാങ്ങൽ നടത്തിയിട്ടുണ്ട്.

| ക്രമ നം. | പദ്ധതി | ബിൽ നം./ചെക്ക് നം. /തീയതി | തുക ₹ |
|---|---|---|---|
| 1 | പി.ച്ച്.സി.യ്ക്ക് മരുന്ന്, ഉപകരണങ്ങൾ, ലാബ് റീ ഏജന്റ് എന്നിവ വാങ്ങൽ | ചെക്ക് നം.310543/29.03.2021 | 30,000 |
| 2 | - ടി - | ബിൽ നം. 201001520005009612l1/19.01.2021 | 98,154 |
| 3 | പാലിയേറ്റീവ് കെയർ | ബിൽ നം. 201001520005014138312932l/20.01.2021 | 1,00,000 |
| | ആകെ | | 2,28,154 |

ക്വട്ടേഷൻ ക്ഷണിച്ചതിന്റെ പൂർണ്ണമായ വിവരങ്ങൾ ലഭ്യമായിട്ടില്ല. ക്വട്ടേഷൻ നോട്ടീസ്, ലഭിച്ച ക്വട്ടേഷനുകൾ, കംപാരറ്റീവ് സ്റ്റേറ്റ്മെന്റ്, അംഗീകരിച്ച ക്വട്ടേഷൻ നിരക്ക് വിവരങ്ങൾ എന്നിവ ലഭ്യമാക്കിയില്ല. ഇതിൽ ₹130000/- യുടെ മരുന്നുകൾ വാങ്ങിയത് നെടുങ്കണ്ടം സപ്ലൈക്കോയിൽ നിന്നുമാണ്. ഇതുസംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.7/20.7.22 ന് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ഈ ഇനത്തിലെ ₹228154 /- യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-19 ലൈഫ് ഭവന പദ്ധതി - അവലോകനം

കടയത്തൂർ ഗ്രാമ പഞ്ചായത്തിൽ ലൈഫ് ഭവന പദ്ധതിയിൽ 2020-21 വരെ ആകെ 125 ഗുണഭോക്താക്കൾ കരാർ ചമച്ച് ഭവന നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. ഇവരിൽ 116 ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. 9 പേർ ഭവന നിർമ്മാണം പൂർത്തീകരിക്കുവാൻ അവശേഷിക്കുന്നു.

| | കരാർ വച്ചവർ | ഭവന നിർമ്മാണം പൂർത്തിയാക്കിയവർ | അവശേഷിക്കുന്നവർ |
|---|---|---|---|
| പൊതു വിഭാഗം | 98 | 98 | 0 |
| പട്ടികജാതി വിഭാഗം | 15 | 8 | 7 |
| പട്ടികവർഗ്ഗ വിഭാഗം | 12 | 10 | 2 |
| ആകെ | 125 | 116 | 9 |

പദ്ധതിക്ക് വേണ്ടി തൻവർഷം ചെലവഴിച്ച വിവിധ ഫണ്ടിനങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ഇനം | വികസന ഫണ്ട് ₹ | ബ്ലോക്ക് പഞ്ചായത്ത് വിഹിതം ₹ | ജില്ലാ പഞ്ചായത്ത് വിഹിതം ₹ | സംസ്ഥാന വിഹിതം ₹ | വായ്പ ₹ | ആകെ ₹ |
|---|---|---|---|---|---|---|
| പൊതു വിഭാഗം | 3,64,867 | 10,21,000 | 0 | 7,79,000 | 0 | 21,64,867 |
| പട്ടികജാതി വിഭാഗം | 5,20,000 | 1,60,000 | 0 | 80,000 | 41,000 | 8,01,000 |
| പട്ടികവർഗ്ഗ വിഭാഗം | 4,20,000 | 2,10,000 | 0 | 3,90,000 | 3,00,000 | 13,20,000 |

1-20 ക്ഷീരസംഘത്തിൽ പാലളക്കൽ - ക്ഷീരകർഷകർക്ക് പാലിന് ധനസഹായം-ഫയലുകൾ പരിശോധനയ്ക്ക് സാധ്യമാകുന്ന രീതിയിൽ ക്രമീകരിച്ചിട്ടില്ല

ഡയറി എക്സ്റ്റെൻഷൻ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായ രണ്ട് പദ്ധതിയുടെ ഫയലുകൾ പരിശോധിക്കാവുന്ന വിധത്തിൽ ക്രമീകരിച്ചിട്ടില്ല. പദ്ധതി വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം | 132/21 | 53/21 |
|---|---|---|
| ഫണ്ടിനം | ജില്ലാ പഞ്ചായത്ത് വിഹിതം | വികസനഫണ്ട് |
| നിർവ്വഹണം | ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | ഡയറി എക്സ്റ്റെൻഷൻ ഓഫീസർ |
| ബിൽ നം | 20100152001100324232/07.07.2020<br>₹53200<br>20100152001100270167/18.06.2020<br>₹100000<br>2010015200110324231/07.07.2020<br>₹51706/-<br>201001520011000247336/10.06.2020<br>₹50000/- | 20100152001101322011/22.03.2021<br>₹22969<br>20100152001101322012/22.03.2021<br>₹13236/-<br>20100152001101156298/25.02.2021<br>₹77031/-<br>20100152001101322019/22.03.2021<br>₹18993/-<br>20100152001101322013/22..03.2021<br>₹14850/-<br>20100152001101350259/25..03.2021<br>₹5200/-<br>20100152001101350255/25.03.2021<br>₹30000/- |

| | | |
|---|---|---|
| | | 20100152001101350256/25.03.2021<br>₹17721/- |
| ആകെ | ₹ 2,54,906/- | ₹2,00,000/- |

നടപ്പാക്കിയ രണ്ട് പദ്ധതികളുടെയും ഫയലുകൾ പരിശോധനക്ക് സാധ്യമാകുന്ന രീതിയിലല്ല ക്രമീകരിച്ചിരിക്കുന്നത്. സാംഖ്യ ബിൽ പ്രകാരം സബ്സിഡി നൽകിയിരിക്കുന്ന വ്യക്തികളുടെ ലിസ്റ്റും പ്രസ്തുത ബില്ലിനോടൊപ്പം ഉൾപ്പെടുത്തിയിരിക്കുന്ന ക്ഷീരസംഘത്തിൽ നിന്നുള്ള ലിസ്റ്റും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

132/21 നമ്പർ പദ്ധതി പ്രകാരം 2020 ജനുവരി – ഫെബ്രുവരി മാസങ്ങളിൽ വിവിധ ക്ഷീരസൊസൈറ്റികളിൽ പാലളന്ന കർഷകർക്ക് ₹3 വീതം സബ്സിഡി അനുവദിച്ചിരിക്കുന്നു. മുൻ വർഷം ഗ്രാമപഞ്ചായത്ത് വിഹിതമുപയോഗിച്ച് നടപ്പാക്കിയ പദ്ധതിയുടെ ബാക്കിയായാണ് ജില്ലാ പഞ്ചായത്ത് വിഹിതമുപയോഗിച്ച് ഈ പദ്ധതി നടപ്പാക്കിയിരിക്കുന്നത്. മുൻവർഷ പദ്ധതി ഫയൽ കൂടി ചേർത്ത് പരിശോധിച്ചാൽ മാത്രമേ പദ്ധതിയുടെ പൂർത്തീകരണം കൃത്യമായി പരിശോധിക്കാൻ സാധിക്കൂ. അയത് ലഭ്യമാക്കിയില്ല. കൂടാതെ ലഭ്യമാക്കിയ രേഖകളിൽ കുടയത്തൂർ (വെസ്റ്റ്) ക്ഷിരോത്പാദന സഹകരണ സംഘം, കുടയത്തൂർ മിൽക്ക് പ്രോഡ്യൂസേർസ് കോ- ഓപ്പറേറ്റീവ് സൊസൈറ്റി എന്നീ സംഘങ്ങൾ നൽകിയ ലിസ്റ്റ് പ്രകാരമാണ് സബ്സിഡി നൽകിയിരിക്കുന്നത്. മുകളിൽ സൂചിപ്പിച്ചിരിക്കുന്ന നാല് ബില്ലുകൾ പ്രകാരം തുകമാറി നൽകിയിരിക്കുന്നു. നാല് ബില്ലിനോടൊപ്പവും ഉൾപ്പെടുത്തിയിരിക്കുന്നത് ജനുവരി -ഫെബ്രുവരി മാസങ്ങളിലെ ലിസ്റ്റാണ്. ഓരോ ബില്ലിനോടൊപ്പവും ഉൾപ്പെടുത്തിയിരിക്കുന്ന ലിസ്റ്റിൽ ഗുണഭോക്താക്കളുടെ പേരിലും അളക്കുന്ന പാലിന്റെ അളവിലും വ്യത്യാസം കാണുന്നു.

ആയതിനാൽ ഈ രണ്ട് പദ്ധതികളുടെയും ഫയലുകൾ പരിശോധനക്ക് സാധ്യമാകുന്ന വിധത്തിൽ ക്രമീകരിച്ച് ലഭ്യമാക്കുന്നതിനായി ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നമ്പർ 13/20.07.2022) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ഈ രണ്ട് പദ്ധതികളിലുമായുള്ള ആകെ ₹ 4,54,906/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-21 പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ ചെലവഴിക്കാതെ അവശേഷിക്കുന്നു

വിവിധ പദ്ധതികൾക്കായി ലഭിച്ച താഴെ പറയുന്ന പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ ചെലവഴിക്കാതെ അവശേഷിക്കുന്നതായി വാർഷിക ധനകാര്യ പത്രികയിലെ ബാലൻസ് ഷീറ്റിൽ (B-4 പത്രിക) രേഖപ്പെടുത്തിയിട്ടുണ്ട്. പഞ്ചായത്തിന് ലഭിക്കുന്ന ഗ്രാന്റുകൾ യഥാവിധി ചെലവഴിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

| ക്രമ നം. | ഫണ്ട് | തുക ₹ |
|---|---|---|
| 1 | സംസ്ഥാന അവാർഡ് തുക | 15,20,849/- |
| 2 | ജില്ലാ പഞ്ചായത്ത് വിഹിതം | 10,08,819/- |
| 3 | സമ്പൂർണ്ണ ശുചിത്വം | 5,18,173/- |
| 4 | ഖരമാലിന്യ സംസ്കരണം | 15,05,840/- |

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് |
|---|---|---|
| 2020-21 | ഓഡിറ്റിനോടൊപ്പം പരിശോധിച്ചു | ഈ റിപ്പോർട്ടിന്റെ അനുബന്ധം -1 ആയി ചേർത്തിട്ടുണ്ട്. |

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക ₹ | പ്രൊജക്ടിന്റെ പേര് | ചെലവ് ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് ഇടുക്കി | 2020-21 | ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കി 1,99,200 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് ധനസഹായം (21/21) | 1,99,200 | 0 |
| ജില്ലാ പഞ്ചായത്ത് ഇടുക്കി | 2020-21 | ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കി 5,00,000 | ക്ഷീര സംഘങ്ങളിൽ പാലളക്കുന്ന ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി (132/21) | 5,00,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് ഇടുക്കി | 2020-21 | ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കി 1,00,000 | പാലിയേറ്റിവ് കെയർ (16/21) | 1,00,000 | 0 |

| | | | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് ഇടുക്കി | 2020-21 | ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കി 1,00,000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് ധനസഹായം (21/21) | 1,00,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് ഇടുക്കി | 2020-21 | ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കി 4,60,000 | ലൈഫ് സമ്പൂർണ്ണ പാർപ്പിട പദ്ധതി (ജനറൽ) (60/21) | 4,60,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് ഇടുക്കി | 2020-21 | ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കി 160000 | ലൈഫ് സമ്പൂർണ്ണ പാർപ്പിട പദ്ധതി (എസ്.സി.പി) (61/21) | 1,60,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് ഇടുക്കി | 2020-21 | ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കി 2,10,000 | ലൈഫ് സമ്പൂർണ്ണ പാർപ്പിട പദ്ധതി (ടി.എസ്.പി) (62/21) | 2,10,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് ഇടുക്കി | 2020-21 | 8,58,801 | ലൈഫ് സമ്പൂർണ്ണ പാർപ്പിട പദ്ധതി (സ്പിൽ ഓവർ) (154/21) | 5,61,000 | 2,97,801 |
| ബ്ലോക്ക് പഞ്ചായത്ത് ഇടുക്കി | 2020-21 | 30,000 | പി.എച്ച്.സി-യ്ക്ക് ലാബ് ഉപകരണങ്ങൾ വാങ്ങൽ (73/21) | 30,000 | 0 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നം./തീയതി | മുൻകൂർ നൽകിയ തുക ₹ | ചെലവഴിച്ച തുക ₹ | ചെലവഴിക്കാൻ ശേഷിക്കുന്ന തുക ₹ |
|---|---|---|---|---|---|
| കേരള ഗ്രൗണ്ട് വാട്ടർ അതോറിറ്റി | പ്രോജക്ട് നം.178/2021 ബോർവൽ നിർമ്മാണം | 20100152002301270323 തീ.17.03.2021 | 50500 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | വ്യക്തമല്ല |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

- ഇല്ല -

## 4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക ₹ | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി ഉണ്ടായിരുന്ന തുക ₹ | തൻവർഷം തിരിച്ചടച്ച തുക ₹ | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക ₹ |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |

| | | | | | | |
|---|---|---|---|---|---|---|
| ജവഹർ ഭവന പദ്ധതി | 357647/ഡി.വി/ത.സ്വ.ഭ.വ 1/15/14.01.2016 | 5200000 | 3070414 | 500000 | 2500000 | 2570414 |
| ലൈഫ് ഭവന പദ്ധതി ഹഡ്കോ വായ്പ തുക | ജി.ഒ(എം.എസ്)ത.സ്വ.ഭ.വ 111/2018 13.08.2018 | 21920000 | 20555294 | 2137961 | 0 | 18417333 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

- ഇല്ല -

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | ഓഡിറ്റ് വർഷം | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1 | 1999-2000 | 2002-03 | VII-6-4 | തൊഴിലില്ലായ്മ വേതനം പിൻവലിച്ചത് - ₹11,800/- | തുടരുന്നു |
| 2 | 2000-01 | 2003-04 | 31 | ഹാൾ നിർമ്മാണത്തിന് അധിക തുക നൽകി | തുടരുന്നു |
| 3 | 2000-01 | 2003-04 | 3-7 | വാട്ടർ അതോറിറ്റി-നിക്ഷേപ പ്രോജക്ട് പൂർത്തീകരിച്ചില്ല | |
| 4 | പ്രത്യേക റിപ്പോർട്ട് | 2012-13 | 2-8 | ലഘു അവലോകനം- തുടർ സാക്ഷരത | തുടരുന്നു |
| 5 | പ്രത്യേക റിപ്പോർട്ട് | 2012-13 | 2-4 | ലഘു അവലോകനം-ഫ്രണ്ട് ഓഫീസ് സംവിധാനം | തുടരുന്നു |
| 6 | 2014-15 | 2015-16 | 2-1 | വസ്തുനികുതി അപാകതകൾ | തുടരുന്നു |

## 4-9 ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം

### (എ) ചാർജ്ജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ | ചാർജ്ജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാ | കോടതി വ്യവഹാരങ്ങളിൽ ₹ | ആകെ ലഭ്യമായ തുക ₹ | അവശേഷിക്കുന്ന തുക/ബാധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും | തുക | | | | | | |

| | | | പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | തീയതിയും | ₹ | (രസീത് നമ്പർ / തീയതി) | ക്കിയ തുക (തീയതി) | ഉൾപ്പെട്ട തുക | ഈടാക്കിയ തുക ₹ | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) | (7) | (8) | (9) | (10) | (11) | (12) | 139) |
| 1 | 1997-98 | 21(1) | ശ്രീ. എ. സൈനുലബ്ദീൻ, സെക്രട്ടറി | എൽ.എഫ്. 6421/ എസ്.സി. 2/01 തീ. 23.7.2001 | 383 | | | | | | 383 | |

(ബി) <u>സർചാർജ് വഴി ഈടാക്കിയ തുക</u>

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണവകുപ്പ് | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നം/ തീയതി) | റവന്യൂ റിക്കവറി നടപടി യിലൂടെ ഈടാക്കിയ തുക (തീയതി) | ഉൾപ്പെട്ട തുക ₹ |
|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക ₹ | | | |
| 1 | 1997-98 | 22 | ശ്രീ. എ. സൈനുലബ്ദീൻ, സെക്രട്ടറി | എൽ.എഫ്.6421/ എസ്.സി.2/01 തീ.23.07.2001 | 50 | | 50 | |
| 2 | 1997-98 | 23(1) | ശ്രീമതി. ജാനമ്മ ശിവരാമൻ സെക്രട്ടറി | എൽ.എഫ്.6421/ എസ്.സി.2/01 തീ.23.07.2001 | 105 | | 105 | |
| 3 | 1997-98 | 23(2) | ശ്രീ. എ. സൈനുലബ്ദീൻ, സെക്രട്ടറി | എൽ.എഫ്.6421/ എസ്.സി.2/01 തീ.23.07.2001 | 216 | | 216 | |
| 4 | 1997-98 | 24 | ശ്രീ. എ. സൈനുലബ്ദീൻ, സെക്രട്ടറി | എൽ.എഫ്.421/ എസ്.സി.2/01 തീ.23.07.2001 | 100 | | 100 | |
| 5 | 1997-98 | 27 | ശ്രീ. എ. സൈനുലബ്ദീൻ, സെക്രട്ടറി | എൽ.എഫ്.6421/ എസ്.സി.2/01 തീ.23.07.2001 | 798 | | 798 | |
| 6 | 1997-98 | 28 | ശ്രീ. എ. സൈനുലബ്ദീൻ, സെക്രട്ടറി | എൽ.എഫ്.6421/ എസ്.സി.2/01 തീ.23.07.2001 | 40 | | 40 | |
| 7 | 1999-00 | 25 | ശ്രീ. റ്റി കെ. ഹരിലാൽ, സെക്രട്ടറി | എൽ.എഫ്.8500/ എസ്.സി.2/03 തീ.10.7.2003 | 13720 | 119030400002/ 26.07.2019 | 13720 | |
| 8 | 1999-00 | 27 | ശ്രീ. റ്റി കെ. ഹരിലാൽ, സെക്രട്ടറി | എൽ.എഫ്.8500/ എസ്.സി.2/03 തീ.10.7.2003 | 2000 | 119030400002/ 26.07.2019 | 2000 | |
| 9 | 1999-00 | 28 | ശ്രീ. റ്റി.കെ. ഹരിലാൽ, സെക്രട്ടറി | എൽ.എഫ്.8500/ എസ്.സി.2/03 തീ.10.7.2003 | 4985 | 119030400002/ 26.07.2019 | 4985 | |
| 10 | 1999-00 | 29(എ) | ശ്രീ. റ്റി. കെ. ഹരിലാൽ, സെക്രട്ടറി | എൽ.എഫ്.8500/ എസ്.സി.2/03 തീ.10.7.2003 | 3000 | 119030400002/ 26.07.2019 | 3000 | |
| 11 | 1999-00 | 29(ബി) | ശ്രീ. റ്റി. കെ. ഹരിലാൽ, സെക്രട്ടറി | എൽ.എഫ്.8500/ എസ്.സി.2/03 തീ.10.7.2003 | 8540 | 119030400002/ 26.07.2019 | 8540 | |
| 12 | 1999-00 | 31 | ശ്രീ. റ്റി. കെ. ഹരിലാൽ, സെക്രട്ടറി | എൽ.എഫ്.8500/ എസ്.സി.2/03 തീ.10.7.2003 | 5000 | 119030400002/ 26.07.2019 | 5000 | |
| 13 | 1999-00 | 36 | ശ്രീ. റ്റി. കെ. ഹരിലാൽ, സെക്രട്ടറി | എൽ.എഫ്.8500/ എസ്.സി.2/03 തീ.10.7.2003 | 8366 | 119030400002/ 26.07.2019 | 8366 | |
| 14 | 1999-00 | 38 | ശ്രീ. റ്റി. കെ. ഹരിലാൽ, സെക്രട്ടറി | എൽ.എഫ്.8500/ എസ്.സി.2/03 തീ.10.7.2003 | 11800 | 119030400002/ 26.07.2019 | 11800 | |
| 15 | 2000-01 | 31 | ശ്രീ. റ്റി. കെ. ഹരിലാൽ, സെക്രട്ടറി | എൽ.എഫ്.9479/05 തീ.04.04.2006 | 68962 | 119030400002/ 26.07.2019 | 68962 | |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 16 | 2000-01 | 32 | ജി. ഗോപാലകൃഷ്ണൻ നായർ, സെക്രട്ടറി | എൽ.എഫ്.9479/05 തീ.26.08.2006 | 17431 | | 17431 | |
| 17 | 2004-05 | 3-6(ഭാഗികം) 3-7(ഭാഗികം) | റ്റി ഐ കൃഷ്ണൻ, എ. ഇ | എൽ.എഫ്.20493/ സ്പെ.സെൽ എസ്.സി.2/2007 തീ.10.12.2009 | 7600 | | 7600 | |
| 18 | 2004-05 | 3-6(ഭാഗികം) 3-7(ഭാഗികം) | എൽസി തോമസ്, എ.ഇ | എൽ.എഫ്.20498/ സ്പെ.സെൽ. എസ്.സി.2/2007 തീ.2.11.2009 | 5684 | | 5684 | |
| 19 | 2002-03 | 2-3 | ജി. ഗോപാലകൃഷ്ണൻ നായർ, സെക്രട്ടറി | എൽ.എഫ്.22205/ സ്പെ.സെൽ. എസ്.സി.2/2005 തീ.10.10.2006 | 7575 | | 7575 | |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| മുന്നിരിപ്പ് | | ₹70,38,880 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | ₹5,21,86,652 |
| ആകെ | | ₹5,92,25,532 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | ₹5,04,69,074 |
| നീക്കിയിരുപ്പ് | | ₹87,56,458 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | ₹7,33,560 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| ഇല്ല | | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം. | തുക ₹ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-16 | 50,500 | ശ്രീമതി സുശീല കെ. എൻ., സെക്രട്ടറി |
| 1-18 | 2,28,154 | ഡോ. ആൽബർട്ട് ജെ., മെഡിക്കൽ ഓഫീസർ, പി. എച്ച്. സി. |
| 1-20 | 4,54,906 | ശ്രീ സുധീഷ് എം. പി., ഡയറി എക്സ്റ്റെൻഷൻ ഓഫീസർ, ഇളംദേശം ബ്ലോക്ക് പഞ്ചായത്ത് |

(സി) കേന്ദ്ര സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| ശ്രീ സുധീഷ് എം. പി. ഡയറി എക്സ്റ്റെൻഷൻ ഓഫീസർ, ഇളംദേശം ബ്ലോക്ക് പഞ്ചായത്ത് | ഡയറി എക്സ്റ്റെൻഷൻ ഓഫീസർ, ഇളംദേശം ബ്ലോക്ക് പഞ്ചായത്ത് | മുഴിക്കൽ, അരിക്കുഴ പി.ഒ. തൊടുപുഴ, ഇടുക്കി ജില്ല |
| ശ്രീമതി സുശീല കെ. എൻ. സെക്രട്ടറി | സെക്രട്ടറി, മണക്കാട് ഗ്രാമപഞ്ചായത്ത് | ശ്രീലകം, അറക്കുളം പി ഒ. ഇടുക്കി ജില്ല |
| ഡോ. ആൽബർട്ട് ജെ. മെഡിക്കൽ ഓഫീസർ, പി. എച്ച്. സി. | മെഡിക്കൽ ഓഫീസർ, പി. എച്ച്. സി. കുടയത്തൂർ | തോട്ടുപാട്ട്, വെങ്ങല്ലൂർ പി ഒ തൊടുപുഴ |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

താഴെ കൊടുത്തിരിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാതെ അവശേഷിക്കുകയാണ്.

തടസ്സങ്ങൾ പരിഹരിക്കുന്നതിന് സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | ഖണ്ഡികകളുടെ എണ്ണം | അവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|---|
| 1995-1996 | എൽ.എഫ്.ഐ.6/ 247/98/5.10.98 | 22 | 3, 4, 5, 6, 7, 8, 9, 10, 11, 12, 13, 14, 15, 16, 17, 18, 19, 20, 21, 22, 23, 24 |
| 1996-1997 | എൽ.എഫ്.ഐ.7/ 529/99/3.03.2000 | 8 | 28,30,32,34,35,36,37,38 |
| 1997-1998 | എൽ.എഫ്.ഐ. 7/ 71/2001/30.01.2001 | 14 | 12, 13, 14, 21(1), 21(2), 22, 23(1), 23(2), 24, 25, 26, 27, 28, 30(1) |
| 1998-1999 | എൽ.എഫ്.ഐ. 7/ 215/2000/1.8.2000 | 27 | 1, 2, 3, 4, 5, 6, 7, 8, 9, 10, 11, 12, 13, 14, 15, 6, 17, 18, 19, 20, 21, 22, 23, 24, 25, 26, 27 |
| 1999-2000 | എൽ.എഫ്.ഐ.7/ 241/2003/29.03.03 | 23 | 9, 13, 14, 19, 20, 21, 22, 23, 24, 25, 26, 27, 28, 29, 30, 31, 32, 33, 34, 35, 36, 37, 38 |
| 2000-2001 | എൽ.എഫ്.ഐ.7/ 734/02/22.04.2005 | 22 | 10, 11, 14, 15, 16, 19, 20, 21, 22, 23, 24, 25, 26, 27, 28, 29, 30, 31, 32, 33, 34, 35 |
| 2001-2002 | എൽ.എഫ്.ഐ.7/ 141/04/23.09.05 | 10 | 1, 2, 3, 4, 5, 6, 7, 8, 9, 10 |
| 2002-2003 | എൽ.എഫ്.ഐ.7/ 348/2005/01.12.05 | 6 | 2-1, 2-2, 2-3, 3-2, 3-3, 4-9 |
| 2003-2004 | എൽ.എഫ്.ഐ.8/ 113/08/26.04.08 | 9 | 2-1, 2-3, 2-4, 3-1, 3-2, 3-3, 3-5, 3-6, 3-7 |
| 2004-2005 | എൽ.എഫ്.ഐ.8/ 524/2007/26.06.2008 | 13 | 2-1, 2-2, 2-3, 2-4, 2-5, 3-1, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-11 |
| 2005-2006 | എൽ.എഫ്.ഐ.8 80/2009/22.04.09 | 8 | 2-1, 2-2, 3-1, 3-2, 3-3, 3-4, 3-5, 3-6 |
| 2006-2007 | എൽ.എഫ്.ഐ.9 492/09/17.11.2009 | 12 | 2-1, 2-2, 2-3, 2-4, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8 |
| 2007-2008 | എൽ.എഫ്.ഐ.10 398/12/22.06.12 | 18 | 2-1, 2-2, 2-3, 2-4, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-11, 3-12, 3-13, 3-14 |
| 2008-2009 | എൽ.എഫ്.ഐ.10/ 748/12/2.07.12 | 12 | 2-1, 2-2, 2-3, 2-4, 2-5, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7 |

| | | | |
|---|---|---|---|
| 2009-2010 | എൽ.എഫ്.ഐ.10/ 1023/12/26.09.12 | 10 | 2-1, 22, 2-3, 2-4, 2-5, 2-6, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7 |
| 2010-11& 2011-2012 | കെ.എസ്.എ.ഐഡി.കെ.10/ 1106/13/06.06.14 | 11 | 2-1, 2-2, 2-3, 2-4, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7 |
| 2012-2013& 2013-2014 | കെ.എസ്.എ.ഐ.ഡി.കെ.10/ 653/15/05.10.15 | 13 | 2-1, 2-2, 2-3, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-11 |
| 2014-2015 | കെ.എസ്.എ.ഐ.ഡി.കെ.10/ 461/18/25.04.18 | 15 | 2-1, 2-2, 2-3,3-3,3-4,3-5,3-6,3-7, 3-8,3-9,3-10,3-11,3-12,3-13,3-14 |
| 2015-16 | കെ.എസ്.എ-ഐ.ഡി.കെ-10/ 408/17/17.04.18 | 6 | 2-1,3-1,3-2,3-3,3-4,3-5 |
| 2016-17 | കെ.എസ്.എ-ഐ.ഡി.കെ-10/ 990/17/28.09.17 | 20 | 2-1,2-2,2-3,2-4,2-5,2-6,2-7,2-8, 3-1,3-2,3-3,3-4,3-5,3-6,3-7,3-8,3-9, 3-10, 3-11,3-12. |
| 2017-2018 | കെ.എസ്.എ-ഐ.ഡി.കെ-10/1334/ 2018/20.12.18 | 12 | 2-1,2-2, 3-1 മുതൽ 3-10 വരെ |
| 2018-2019 | കെ.എസ്.എ-ഐ.ഡി.കെ- 6/590/2019/04.09.2021 | 10 | 2-2,2-3,3-1,3-2,3-4,3-5,3-6,3-7, 3-8,3-10 |
| 2019-20 | കെ.എസ്.എ-ഐ.ഡി.കെ-10/534 /21/30.06.2021 | 12 | 1-9, 1-14, 1-15, 1-16, 1-18, 1-19, 1-23, 1-25, 1-27, 2-1, 4-8, 4-9 |

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ഇടുക്കി ജില്ലയിലെ കുടയത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ഇടുക്കി ജില്ലയിലെ കുടയത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്